# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

02-05-2017 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1325

## വിഴിഞ്ഞം തുറമുഖം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഒ. രാജഗോപാൽ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ 92.67% ഏറ്റെടുത്തു കഴിഞ്ഞു. ശേഷിക്കുന്ന 7.33% (12 ഹെക്ടർ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത തുറമുഖ പദ്ധതിയുടെ പണി എത്രത്തോളം പൂർത്തിയായി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം, എന്നിവ പൂർത്തിയായി. നിലവിൽ ഡ്രഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ബെർത്ത് നിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങളും ടെസ്റ്റ് പൈലിംഗ് ജോലികളും നടന്നുവരുന്നു. |
| (സി) | തുറമുഖ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ ; | (സി) യും (ഡി) യും | കേന്ദ്രസർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് തുറമുഖ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ 20% ചിലവായ തുകയായ 818 കോടി രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. ഇത് തത്വത്തിൽ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതിക്കനുസൃതമായി തുറമുഖ നടത്തിപ്പ് കമ്പനി നിശ്ചിത തുക ചിലവഴിച്ച ശേഷം മാത്രമേ കേന്ദ്ര വിഹിതം അനുവദിക്കുകയുള്ളൂ. |
| (ഡി) | ലഭ്യമായിട്ടില്ലെങ്കിൽ സാമ്പത്തിക സഹായത്തിന് വേണ്ടി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ